തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 84 ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) കിട്ടിയ അപേക്ഷകളിൽ ആവശ്യമായ വസ്തുതകൾ ഇല്ലാത്തതുകൊണ്ട് അവ പരിഗണിക്കപ്പെട്ടില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ സ്കീം അനുസരിച്ചുള്ള ഭവന നിർമ്മാണം ആരുമുഖേനയാണ് നടത്തുന്നത് ?

ശ്രീ. പി. കെ. ചാത്തൻ : തിരഞ്ഞെടുക്കുന്നത് പഞ്ചായത്തുകളാണ്. നടപ്പാക്കുന്നത് കൺട്രാക്ട് കൊടുത്തും ബനിഫിഷ്യറിസിനെക്കൊണ്ടുമാകാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പഞ്ചായത്തില്ലാത്ത സ്ഥലങ്ങളിൽ ഈ പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണം വേണ്ടെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം ?

ശ്രീ. പി. കെ. ചാത്തൻ : പഞ്ചായത്തു ഇല്ലാത്ത സ്ഥലങ്ങളിലും വിതരണം ചെയ്യാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : അതു ഏതു വഴിക്കാണ് ?

ശ്രീ. പി. കെ. ചാത്തൻ : തഹസീൽദാരന്മാർ വഴിയായിരിക്കും.

ശ്രീ. കെ. കുഞ്ഞാമു : ഈ പദ്ധതിയെ പരാജയപ്പെടുത്താൻ ചില പഞ്ചായത്തുകൾ ഇതിൽനിന്നും ഒഴിഞ്ഞുമാറുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. കുഞ്ഞാമു : ഇതിലേയ്ക്കു അനുവദിക്കുന്ന പണം കുറവാണെന്നും കൂടുതൽ പണം വേണമെന്നും പറഞ്ഞു പല പഞ്ചായത്തുകളും ഈ സ്കീം എടുക്കാതിരിക്കുകയാണ് ചെയ്യുന്നത്.

Mr. Speaker : Order, order. It is a statement.

ഫിഫ്ത്ത് സ്റ്റാൻഡാർഡ്.

* 1743. [13] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ലോവർ പ്രൈമറി സ്കൂളിലെ ഫിഫ്ത്ത് സ്റ്റാൻഡേർഡ് ഈ സ്കൂൾവർഷാരംഭംമുതൽ നിർത്തലാക്കുന്നുണ്ടോ ;

(ബി) ഇക്കൊല്ലം ഫിഫ്ത്ത് സ്റ്റാൻഡേർഡിൽനിന്നും പാസ്സായ കുട്ടിയെ ഫസ്റ്റ് ഫാമിലോ, സെക്കൻഡു ഫാമിലോ ചേർക്കുന്നത് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഇല്ല.

(ബി) പുതിയ അദ്ധ്യായനവർഷത്തിൽ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇപ്പോഴും ഫസ്റ്റ് ഫാം, സെക്കൻഡ് ഫാം എന്നിങ്ങനെ ഫാമുകൾ തുടരുകയും, എലിമെന്ററിയും, പ്രൈമറിയും സ്കൂളുകളിൽ സ്റ്റാൻഡേർഡ് സിസ്റ്റം നടപ്പാക്കുകയും ചെയ്തിരിക്കുന്നതു ഒരേ പേരിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അപ്പർ പ്രൈമറി സ്കൂളുകളിൽ സ്റ്റാൻഡേഡ് എന്നതെന്നെയാണ് പറയുന്നത്. ഹൈസ്കൂൾക്ലാസ്സുകളിൽ മൂന്നാം സ്റ്റാൻഡേഡ് എന്നും, പഴയ രീതിയിൽ തേഡ് ഫാറം എന്നും പറയുന്നുണ്ട്. എല്ലാം സ്റ്റാൻഡേഡ് എന്ന പേരിലാക്കുന്നതിനാണുദ്ദേശിക്കുന്നത്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഏതു സ്റ്റാൻഡേഡിനു തുല്യമാണ് ഫാറം എന്നു ഇപ്പോൾ നിയമസഭാ സാമാജികന്മാർക്കുകൂടി അറിയാൻ വിഷമമായിരിക്കുന്നു ; ഇന്ന സ്റ്റാൻഡേഡിനു തുല്യമായിട്ട് ഇന്ന ഫാറം എന്ന ഒരു നിശ്ചിതാവസ്ഥവരുത്താൻ ശ്രമിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു ചെയ്യാം :

ശ്രീ. ടി. ഏ തൊമ്മൻ : ഫാറം നിറുത്തലാക്കണമെന്നു വല്ല ഉത്തരവും പാസ്സാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല.

ശ്രീമതി കുസുമം ജോസഫ് : മിഡിൽസ്കൂളുകളിൽ ഫസ്റ്റ് ഫാം നിറുത്തലാക്കുന്നുവെന്നാണു മനസ്സിലാകുന്നത്. അപ്പോൾ കഴിഞ്ഞതവണ 5-ാം ക്ലാസ്സിൽ പഠിച്ചിരുന്ന കുട്ടികൾക്ക ഫസ്റ്റ് ഫാറത്തിലേക്ക പ്രമോഷൻ കൊടുക്കണമെന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ആർഡർ ഉണ്ട്. 'മുൻപു ഫസ്റ്റ് ഫാറത്തിൽ പഠിച്ചു ജയിക്കുന്നവർക്കും 5-ാം ക്ലാസിൽനിന്നും ജയിച്ചവർക്കും അടുത്ത ക്ലാസ്സിലേക്ക പ്രമോഷൻ കൊടുക്കണം. ഫസ്റ്റ് ഫാറത്തിൽ തോൽക്കുന്നവരേയും 5-ാം സ്റ്റാൻഡേഡിൽ അയയ്ക്കണം. അങ്ങനെ വരുമ്പോൾ 5-ാം ക്ലാസ്സിൽ ഒരു കൊല്ലം പഠിച്ചുകഴിഞ്ഞവരും, ഫസ്റ്റ് ഫാറത്തിൽ തോൽക്കുന്നവരും ഒരെ ക്ലാസ്സിൽ പഠിക്കാൻ ഇടയാകുന്ന ഒരു സാഹചര്യം ഉണ്ടാകുകയില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പുതിയ 5-ാം സ്റ്റാൻഡേഡ് എന്നു പറയുന്ന പഴയ 5-ാം ക്ലാസ്സിൽ അപ്പർ പ്രൈമറി സ്കൂളുകളിൽ തോൽക്കുന്ന വിദ്യാർത്ഥികളെ ഒരു ഡിവിഷനിലേക്ക മതിയാകുമെങ്കിൽ അവിടെത്തന്നെ ഒരു സ്റ്റാൻഡേഡ് ക്ലാസ്സ് നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫ് : ഇതിനുമുൻപു ഇങ്ങനെ ചില പരിഷ്കാരങ്ങൾ വരുത്തിയപ്പോൾ, നിറുത്തലാക്കപ്പെടുന്ന ക്ലാസിൽനിന്നും എല്ലാ വിദ്യാർത്ഥികളെയും അടുത്ത ക്ലാസ്സിലേക്ക പ്രമോഷൻ കൊടുത്തിരുന്നതുപോലെ, ഫസ്റ്റ് ഫാറത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രമോഷൻ കൊടുക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ വിഷയം ഡോപദേശത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒരു ഡിവിഷനു കുട്ടികളെ മതിയാകാതെ വരുന്നതു കുട്ടികളുടെ കുറവുമല്ല ; കഴിവുള്ള കുട്ടികളെ പാസ്സായാൽ അങ്ങനെ വരാൻ സാദ്ധ്യതയില്ല. അപ്പോൾ തോൽക്കുന്ന വിദ്യാർത്ഥികളുടെ നില എന്തായിരിക്കും ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവർക്ക 5-ാം സ്റ്റാൻഡേർഡിൽ ചേരാം.

Tirvandrum Medical College Hospital.

Shri M. C. Abraham : Will the Minister for Health be pleased to state.

(a) whether the Trivandrum Medical College Hospital equipped as at present is in a position to cope with the growing rush of patients ; and

LIBRARY ARCHIVES Kerala Legislative Assembly